# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. XXXXIX/FK- 93 2016 MAY 20 No. 6

### CIRCULAR - 16
# 50–ാം ലോക സമ്പർക്ക മാധ്യമദിനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഈ വർഷം മാധ്യമദിനം ഭാരതമൊട്ടാകെ ആഘോഷിക്കുന്നത് ജൂൺ 5–ാം തീയതി ഞായറാഴ്ചയാണ്. ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നല്കുന്ന സന്ദേശം ഇതോടൊപ്പം അയക്കുന്നു. **ഈ സന്ദേശത്തിലെ ആശയങ്ങൾ 2015 ജൂൺ 5–ാം തീയതി ദിവ്യബലി മദ്ധ്യേ സംക്ഷിപ്തമായി വിശ്വാസികളോട് പങ്കുവയ്ക്കേണ്ടതാണ്.**

മാധ്യമദിനത്തിലെ ദിവ്യബലി സമയത്ത് കെ.സി.ബി.സി മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി മാധ്യമദിന സ്തോത്രക്കാഴ്ച പതിവുപോലെ എടുക്കണമെന്നും ആ തുക അതിരൂപത കച്ചേരിയിൽ ഏൽപിക്കേണ്ടതാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2016 മെയ് 20–ാം തീയതി.

എറണാകുളം ✠ *ഫ്രാൻസിസ് കല്ലറക്കൽ*
20.05.2016 വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്താലീത്ത

## 50 – ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## മാധ്യമദിനം – 5 ജൂൺ 2016

## സാമൂഹികസമ്പർക്കവും കരുണയും: സഫലമായ ഒരു നേർക്കാഴ്ച

പ്രിയ സോദരരേ,

ഇത് കരുണയുടെ വിശുദ്ധവത്സരമാണ്. കരുണയും സാമൂഹിക സമ്പർക്കവും തമ്മിൽ ഉളവാകേണ്ട ബന്ധത്തെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. കരുണയുടെ പിതാവിന്റെ സാക്ഷാത്തായ അവതാരമാണ് ക്രിസ്തു. ആ ക്രിസ്തുവിനോടു ചേർന്ന് സഭ സത്തയിലും കർമ്മത്തിലും കരുണ പ്രാവർത്തികമാക്കേണ്ടതുണ്ട്; അതാണ് അവളുടെ വ്യതിരിക്തതയുടെ അടയാളം. സഭാമക്കളെന്നനിലയിൽ നാം പറയുന്നതും ചെയ്യുന്നതും – നമ്മുടെ ഓരോ വാക്കും ചലനവും – ദൈവത്തിന്റെ കരുണയെയും ആർദ്രതയെയും ക്ഷമിക്കുന്ന സ്നേഹത്തെയും വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ തനതുഭാവംതന്നെ ബന്ധമാണ്; സമ്പർക്കവും വിനിമയവുമാണ്. അതു തുറവിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കുന്നു. നമ്മുടെ ഹൃദയവും പ്രവൃത്തികളും ഉപവിയാലും ദൈവസ്നേഹത്താലും പ്രചോദിതമെങ്കിൽ നമ്മുടെ സമ്പർക്കങ്ങളും വിനിമയങ്ങളും ദൈവശക്തിയുടെ സ്പർശമുള്ളതായിരിക്കും.

ദൈവമക്കളെന്നനിലയിൽ എല്ലാവരും പരസ്പരസമ്പർക്കത്തിനും വിനിമയത്തിനും വിളിക്കപ്പെട്ടവരാണ്. ആരും ഈ ദൗത്യത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ കരുണയെ അറിയിക്കുവാനും ഹൃദയങ്ങളെ സ്പർശിക്കുവാനും ജീവിത സമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിൽ അവയെ നിലനിർത്താനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് സഭയുടെ ഓരോ വാക്കും പ്രവൃത്തിയും. ജീവിതത്തിന്റെ സമ്പൂർണത എല്ലാവർക്കും നല്കാനാണ് പിതാവ് തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേക്കയച്ചത്. യേശു ലോകം മുഴുവൻ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യണമെങ്കിൽ നമ്മൾതന്നെ സഭാമാതാവിന്റെ ഊഷ്മള സ്നേഹത്തെ ഉൾക്കൊള്ളുകയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം. സ്നേഹത്തിന്റെ ഈ ചൂടാണ് വിശ്വാസത്തിന്റെ വചനത്തിന് ആത്മാവു നല്കുന്നത്. നമ്മുടെ പ്രഘോഷണവും സാക്ഷ്യവും

അവർക്കു ജീവൻ നല്കുന്ന ആ അഗ്നിസ്ഫുലിംഗത്തെ പ്രോജ്ജ്വലിപ്പിക്കുന്നു.

## ബന്ധങ്ങളുടെ നിർമ്മിതി സാമൂഹികസമ്പർക്കമാധ്യമങ്ങളിലൂടെ

ഇരുകരകളെയും യോജിപ്പിക്കാൻ പണിയുന്ന പാലമാണ് സാമൂഹികസമ്പർക്കമാധ്യമങ്ങൾ. ഭാവാത്മകമായ ഒരു കണ്ടുമുട്ടലിനെയും ഉൾക്കൊള്ളലിനെയും അതു ശാക്തീകരിക്കുന്നു. അങ്ങനെ സമൂഹത്തെ മുഴുവൻ ധന്യമാക്കുന്നു. ജനം തങ്ങളുടെ വാക്കുകളും പ്രവൃത്തികളും കരുതലോടെ തെരഞ്ഞെടുക്കുകയും, തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ പരിശ്രമിക്കുകയും മുറിവേറ്റ ഓർമ്മകൾ സൗഖ്യപ്പെടുത്തുകയും സമാധാനവും ഐക്യവും ചാലിച്ചെടുക്കുകയും ചെയ്യുന്നത് എത്രയോ സുഭഗവും സുന്ദരവുമാണ്! വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പാലം തീർക്കാൻ വാക്കുകൾക്കു കഴിയും. സാമൂഹികസഖ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ബന്ധമുണ്ടാക്കാനും അതിനു സാധിക്കും. പദാർത്ഥികലോകത്തും ഡിജിറ്റൽ ലോകത്തും ഇതു സാധ്യമാണ്. അഭിശാപത്തിന്റെയും പ്രതികാരത്തിന്റെയും വിഷമവൃത്തങ്ങളിൽനിന്നു സ്വതന്ത്രരാവാൻ സഹായിക്കുന്നതായിരിക്കണം നമ്മുടെ വാക്കുകളും പ്രവൃത്തികളും. കാരണം, ഇന്നും വ്യക്തികളും രാഷ്ട്രങ്ങളും അവയുടെ കെണിയിലാണ്. ശപ്തമായ പ്രതികാരഭാവം, അതിശക്തമായ വെറുപ്പ് വളർത്തുന്നു. ക്രിസ്ത്വനുയായികളുടെ വചസ്സുകൾ ഒരുമയും ഐക്യവും അഭംഗുരം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം. തിന്മയെ വിട്ടുവീഴ്ചയില്ലാതെ അപലപിക്കേണ്ടിവരുമ്പോഴും ബന്ധങ്ങളും സമ്പർക്കങ്ങളും വിണ്ടുകീറാൻ പാടില്ല.

## സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കരുത്ത് കരുണയിലധിഷ്ഠിതം

ബന്ധങ്ങളിലും സമൂഹങ്ങളിലും സമാധാനവും ഐക്യവും പുന:സ്ഥാപിക്കാനുള്ള കരുണയുടെ കരുത്തിനെ ഇനിയും കണ്ടെത്താൻ ലോകത്തിലെ എല്ലാ സുമനസ്സുകളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രാചീന കാലമുറിവുകളും ആങ്ങിത്തൂങ്ങിനില്ക്കുന്ന അനിഷ്ടങ്ങളും എങ്ങനെയാണ് വ്യക്തികളെ കെണിയിലാക്കുന്നതെന്നും, പരസ്പരവിനിമയത്തിന്റെയും അനുരഞ്ജനത്തിന്റെയും മാർഗത്തിൽ വിഘാതം സൃഷ്ടിക്കുന്നതെന്നും നമുക്കറിയാം. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും ഇതു ബാധകമാണ്. എന്നാൽ ഏതു പരിത:

സ്ഥിതിയിലും പുതിയ ഭാഷയും ഭാഷണരീതിയും സൃഷ്ടിച്ചെടുക്കാൻ കരുണയ്ക്കു കഴിയും. "വെനീസിലെ കച്ചവടക്കാരൻ" എന്ന നാടകത്തിൽ ഷേക്സ്പിയർ എത്രയോ വചോവിലാസത്തോടെ ഇതു പറഞ്ഞിരിക്കുന്നു: "കരുണയുടെ കരുത്ത് അഭംഗുരമാണ്. ആകാശത്തുനിന്ന് ഭൂമിയിൽ നിപതിക്കുന്ന മൃദുലമായ മഴപോലെയാണത്. രണ്ടുവിധത്തിലും അത് അനുഗൃഹീതമാണ്. കൊടുക്കുന്നവനെയും സ്വീകരിക്കുന്നവനെയും ഒരുപോലെ അതനുഗ്രഹിക്കുന്നു". (Merchant of Venice Act IV, Scene 1)

നമ്മുടെ രാഷ്ട്രീയ, നയതന്ത്രഭാഷകൾ കരുണയാൽ പ്രചോദിതമായിരുന്നെങ്കിൽ, കൂടുതൽ നന്നായേനെ. കാരണം, കരുണയുടെ ഭാഷ പ്രതീക്ഷ കൈവെടിയുന്നതല്ല. സ്ഥാപനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അധികാരികളോടും, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന എല്ലാവരോടും ഞാൻ ആവശ്യപ്പെടുന്നു: "വഴിമാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ചും, തെറ്റുകൾ വരുത്തിയിട്ടുള്ളവരെക്കുറിച്ചും നിങ്ങൾ സംസാരിക്കുമ്പോൾ, അതീവ ജാഗ്രതയും സൂക്ഷ്മതയും പുലർത്തുവിൻ". സംശയത്തിന്റെയും ഭയത്തിന്റെയും വെറുപ്പിന്റെയും ജ്വാലകൾ ആളിക്കത്തിക്കുന്ന സാഹചര്യങ്ങളെ ചൂഷണംചെയ്യാനുള്ള പ്രലോഭനത്തിനു വശംവദരാകാൻ എളുപ്പമാണ്. എന്നാൽ അനുരഞ്ജനത്തിന്റെ പാതയിൽ ജനതയെ നയിക്കുവാൻ ധീരത വേണം. സൂക്ഷ്മമായി ചിന്തിച്ചാൽ അത്തരം ഭാവാത്മകവും സർഗാത്മകവുമായ ധീരതയാണ് പോയകാല സംഘർഷങ്ങൾക്ക് പരിഹാരവും സ്ഥായിയായ സമാധാനം സ്ഥാപിക്കാനുള്ള അവസരവും പ്രദാനംചെയ്യുന്നത്. "സമാധാന സംസ്ഥാപകർ അനുഗൃഹീതരാകുന്നു, എന്തെന്നാൽ അവർ ദൈവമക്കളെന്നു വിളിക്കപ്പെടും" (മത്താ 5,7-9).

### അജപാലകവീഥിയിലെ കാരുണ്യസ്പർശം

അജപാലകരെന്ന നിലയിൽ നമ്മുടെ ആശയവിനിമയരീതികളും ശുശ്രൂഷകളും അഹന്തനിറഞ്ഞതാകരുത്, ശത്രുവിന്റെമേൽ വിജയം നേടിയ മേലാളസ്വഭാവം നിറഞ്ഞതും ആകരുത് എന്നാണെന്റെ ആഗ്രഹം. അതേസമയം, നഷ്ടപ്പെട്ടവരെന്നും അവഗണിക്കപ്പെട്ടവരെന്നും ലോകം കണക്കാക്കുന്നവരെ തീരെ വിലകുറഞ്ഞവരായി നാം കരുതരുത്. കാരുണ്യത്തിന് ഒരു പ്രത്യേകതയുണ്ട്: ജീവിതത്തിന്റെ കഷ്ടപ്പാടുകളെ മയപ്പെടുത്താൻ അതു സഹായിക്കുന്നു. തണുത്തുറഞ്ഞ നിയമവിധികളുടെ അനുഭവങ്ങൾ മാത്രമുള്ളവർക്ക് ഊഷ്മള

മായ ഉത്സാഹം നല്കാനും അതിനു കഴിവുണ്ട്. നമ്മുടെ വിനിമയരീതികൾ, പാപികളെയും നീതിമാന്മാരെയും വേർതിരിച്ചെടുക്കുന്ന നമ്മുടെ മനോഘടനയുടേതാണ്. അതിനെ നാം മറികടക്കേണ്ടിയിരിക്കുന്നു. പാപസാഹചര്യങ്ങളെ - ഹിംസ, അഴിമതി, ചൂഷണം - നാം പ്രത്യേകം വിലയിരുത്തണം. വ്യക്തികളെ നാം വിധിക്കരുത്. ദൈവത്തിനുമാത്രമേ അവരുടെ ഹൃദയത്തിന്റെ അഗാധതകളെ കാണാനാവൂ. തെറ്റുചെയ്യുന്നവരെ ശാസിക്കണം; ചില പ്രത്യേകരീതികളിൽ പ്രവർത്തിക്കുന്ന അനീതികളെയും തിന്മയെയും അപലപിക്കണം. പതിതരെ ഉയർത്താനും ഇരകളെ മോചിപ്പിക്കാനും വേണ്ടിയാവണം അത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8,32). സത്യം എന്നതു ആത്യന്തികമായി ക്രിസ്തുതന്നെയാണ്. സത്യത്തെ പ്രഘോഷിക്കുകയും അനീതിയെ അപലപിക്കുകയും ചെയ്യുന്ന നമ്മുടെ രീതികളെ വിലയിരുത്താനുള്ള അളവുകോലാണ് അവിടത്തെ ആർദ്രമായ കാരുണ്യം. സ്നേഹത്തോടെ സത്യത്തെ മുറുകെപ്പിടിക്കുക എന്നതാണ് നമ്മുടെ പ്രഥമ ദൗത്യം (എഫേ 4,15). ശാന്തതയിലും കരുണയിലും ചാലിച്ച സ്നേഹത്തോടെ മൊഴിയുന്ന വചസ്സുകൾക്കേ പാപപങ്കില ഹൃദയങ്ങളെ സ്പർശിക്കാനാവൂ. പരുഷവും ഉപദേശമാത്രവുമായ വാക്കുകളും പ്രവൃത്തികളും അവരെ കൂടുതൽ അകറ്റുകയും, സ്വാതന്ത്ര്യത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതിനുപകരം അവരിൽ തിരസ്കാരത്തിന്റെയും പ്രതിരോധത്തിന്റെയും ഭാവം ദൃഢീകരിക്കുകയും ചെയ്യും.

## കുടുംബ ബന്ധങ്ങളിലെ കാരുണ്യക്കൂട്

കാരുണ്യാധിഷ്ഠിതമായ സാമൂഹികദർശനം അത്യധികം ആദർശാത്മകമോ, അതിരില്ലാത്തവിധം ദയാമയമോ എന്നു സംശയിക്കുന്നുണ്ട് ചിലർ. എന്നാൽ സ്വന്തം കുടുംബബന്ധങ്ങളിലെ പ്രാഥമികാനുഭവം എന്താണെന്ന് ഓർത്തുനോക്കുക. നമ്മുടെ മാതാപിതാക്കൾ നമ്മുടെ കഴിവുകളും നേട്ടങ്ങളും നോക്കിയാണോ നമ്മെ സ്നേഹിച്ചതും വിലമതിച്ചതും അവർ സ്വാഭാവികമായും മക്കളുടെ നന്മമാത്രമേ കാംക്ഷിച്ചുള്ളൂ. പക്ഷേ, അവരുടെ സ്നേഹം ഒരു വ്യവസ്ഥയുടെയും അടിസ്ഥാനത്തിലായിരുന്നില്ല. നമ്മുടെ വീട് എപ്പോഴും നമ്മെ സ്വാഗതംചെയ്യുന്നിടമാണ് (Cf. Lk: 15,13-32), അപരിചിതർ കണ്ടുമുട്ടുകയും മത്സരിക്കുകയും ഒന്നാം സ്ഥാനത്തെത്താൻ വെമ്പുകയും ചെയ്യുന്ന വേദിയല്ല. അതൊരു കുടുംബമാണ്; ഏതുസമയത്തും കയറിച്ചെല്ലാവുന്ന, തുറന്ന വാതിലുകളുള്ള ഒരു വീട്. അങ്ങനെയൊരു സമൂഹസ

ങ്കല്പം ഏവരിലും വളരണമെന്നാണ് എന്റെ ആഗ്രഹം. ഈ ആഗ്രഹം സഫലമാവണമെങ്കിൽ നാം മറ്റുള്ളവരെ ശ്രവിക്കുന്നവരാകണം. ആശയവിനിമയം എന്നത് പങ്കുവയ്ക്കലാണ്. പങ്കുവയ്ക്കലാകട്ടെ, ശ്രവണവും (Listening) സ്വീകരണവുമാണ്. ശ്രവണം വെറുതെ കാതുകൊടുക്കലല്ല. കേൾക്കുക എന്നത് അറിവു സ്വീകരിക്കൽ മാത്രമാണ്; അതേസമയം ശ്രവണമാകട്ടെ, പരസ്പരബന്ധമാണ്; ഇഴയടുപ്പം ആവശ്യപ്പെടുന്നതുമാണ്. ശ്രവണം നേരായ മാർഗം കാണാൻ സഹായിക്കുന്നു. വെറും നിർജീവരായ കാഴ്ചക്കാരോ ഉപയോക്താക്കളോ ആകാൻ അനുവദിക്കുകയുമില്ല. ശ്രവണം ചോദ്യങ്ങളുടെയും സംശയങ്ങളുടെയും പങ്കുവയ്ക്കലാണ്; പരസ്പരം ഓരം ചേർന്ന യാത്രയാണ്. സമ്പൂർണാധികാരത്തിന്റെ അവകാശവാദങ്ങളെ അതു പുറംതള്ളുന്നു; നമ്മുടെ ദാനങ്ങളെയും സിദ്ധികളെയും സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്ന ശുശ്രൂഷയാക്കി മാറ്റുന്നു.

ശ്രവണം സുഗമമല്ല; കേൾക്കുന്നില്ലെന്നു നടിക്കാൻ എളുപ്പമാണ്. ശ്രവണം ശ്രദ്ധയും ധാരണയുമാണ്, വിലമതിക്കലും ബഹുമാനിക്കലുമാണ്. അപരന്റെ വാക്കുകളെക്കുറിച്ചുള്ള ധ്യാനമാണ്. അത് രക്തസാക്ഷിത്വം അഥവാ ആത്മബലി ആവശ്യപ്പെടുന്നു. കത്തുന്ന മുൾപ്പടർപ്പിനു മുന്നിൽ നില്ക്കുന്ന മോശയെ അനുകരിക്കാൻ ശ്രമിക്കലാണത്. അതിവിശുദ്ധസ്ഥലത്തു നില്ക്കുന്ന നാം ചെരിപ്പുകൾ അഴിച്ചുമാറ്റേണ്ടതുണ്ട്. പുറ 3,5-ൽ പറയുന്നു: "എന്നോടു സംസാരിക്കുന്നവനുമായുളള നേർക്കാഴ്ചയാണ് (cg: പുറ 3,5) ശ്രവണം". ശ്രവിക്കാൻ കഴിയുക എന്നത് അളവില്ലാത്ത കൃപയാണ്. നാം ചോദിച്ചുവാങ്ങേണ്ട ദാനമാണത്; അവശ്യമായും ചോദിച്ചുവാങ്ങേണ്ട ഒന്ന്.

### നവമാധ്യമങ്ങളുടെ അനന്തസാധ്യതകൾ

ഈ-മെയിൽ സന്ദേശങ്ങൾ, സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ, അവയുടെ വിപുലശൃംഖല, അനൗപചാരികമായ സംഭാഷണങ്ങൾ - എല്ലാം ആശയവിനിമയത്തിന്റെ ആധുനികരൂപങ്ങളാണ്. സാങ്കേതികശാസ്ത്രമല്ല വിനിമയത്തിന്റെയും ബന്ധങ്ങളുടെയും ആധികാരികത നിർണയിക്കേണ്ടത്, മറിച്ച് മനുഷ്യഹൃദയവും മുന്നിലെ മാർഗങ്ങളെ വിവേകപൂർവം ഉപയോഗപ്പെടുത്താനുള്ള കഴിവുമാണ്. സാമൂഹിക മാധ്യമങ്ങൾ പരസ്പരബന്ധങ്ങളെ സുഗമമാക്കാനും പോഷിപ്പിക്കാനും സഹായിക്കുന്നു. അതേസമയം, ജാഗ്രതപുലർത്തിയില്ലെങ്കിൽ കൂടുതൽ ധ്രുവീകരണത്തിനും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള വിഭജനത്തിനും അതു കാരണമാകാം. ഡിജിറ്റൽ ലോകം ഒരു മഹാചത്വ

രമാണ് - ഒരു സംഗമഭൂമി. ഒന്നുകിൽ പരസ്പരം അംഗീകരിക്കാം പ്രോത്സാഹിപ്പിക്കാം, അല്ലെങ്കിൽ പരസ്പരം അപമാനിക്കാം. ഒന്നുകിൽ അർത്ഥപൂർണമായ സംവാദങ്ങളിൽ ഏർപ്പെടാം, അല്ലെങ്കിൽ അന്യായമായ ആക്രമണത്തിൽ മുഴുകാം. കാരുണ്യത്തിൽ ജീവിച്ചുകൊണ്ട് ഈ ജൂബിലിവർഷം കൂടുതൽ തീക്ഷ്ണമായ സംവാദത്തിനു വാതിൽ തുറക്കട്ടെ. അതുവഴി കൂടുതൽ അറിയാം; മനസ്സിലാക്കാം; സംവൃത മനസ്സുകളെ കൂടുതൽ ഉദാരമാക്കാം. ഏതുതരത്തിലുള്ള (അടഞ്ഞ) വിവേചനത്തെയും ഹിംസയെയും വിദൂരതയിലേക്കു മാറ്റി നിർത്താം.

ഇന്റർനെറ്റ് നമ്മെ കൂടുതൽ നല്ല വിശ്വപൗരന്മാരാക്കട്ടെ, ഡിജിറ്റൽ വലയം അയൽക്കാരനോടുള്ള ഒരു ഉത്തരവാദിത്വം നമ്മെ ഏല്പിക്കുന്നു: നാം അവനെ കാണുന്നില്ല, എന്നാൽ അവൻ ഒരു യാഥാർത്ഥ്യമാണ്. ബഹുമാനിക്കപ്പെടേണ്ട അന്തസ്സ് അവനുണ്ട്. വിവേകപൂർവം ഇന്റർനെറ്റുപയോഗിക്കുക. അങ്ങനെ ആരോഗ്യകരവും പങ്കുവയ്ക്കുന്നതിൽ ഉദാരവുമായ ഒരു സമൂഹത്തെ പടുത്തുയർത്തുക.

## ഉപസംഹാരം

ആശയവിനിമയബന്ധങ്ങൾ എവിടെയും എങ്ങനെയും പുതിയ ചക്രവാളങ്ങൾ മനുഷ്യർക്കായി തുറക്കുന്നു. അത് ദൈവത്തിന്റെ ദാനമാണ്. അതിനാൽത്തന്നെ വലിയ ഉത്തരവാദിത്വം അതുൾക്കൊള്ളുന്നു. “സാമീപ്യം” (Closeness) എന്നതിനെ വിളിക്കാനാണെനിക്കിഷ്ടം. ആശയവിനിമയബന്ധങ്ങളും കരുണയും തമ്മിലുള്ള നേർക്കാഴ്ച (Encounter) സഫലമാകണമെങ്കിൽ, കരുതലിന്റെയും സാന്ത്വനത്തിന്റെയും സൗഖ്യത്തിന്റെയും സൗഹൃദത്തിന്റെയും ആഘോഷത്തിന്റെയും “ഇഴയടുപ്പം” അതു സൃഷ്ടിക്കണം. തകർന്നതും ശകലിതവും ധ്രുവീകൃതവുമായ ലോകത്തിൽ കരുണയോടെ സാമൂഹികസമ്പർക്കവും ബന്ധവും പ്രായോഗികമാക്കണമെന്നതിന്റെ അർത്ഥം ആരോഗ്യകരവും സ്വതന്ത്രവും, ഭ്രാതൃസഹജവുമായ ഇഴയടുപ്പം മനുഷ്യമഹാകുടുംബത്തിലെ (സഹോദരസഹജ) സഹോദരീസഹോദരന്മാരും ദൈവത്തിന്റെ മക്കളും തമ്മിൽ സൃഷ്ടിക്കാൻ സഹായിക്കണമെന്നതാണ്.

വത്തിക്കാനിൽനിന്നും

✠ **ഫ്രാൻസിസ് പാപ്പാ**

# NOTIFICATION - 9

## TRANSFERS & APPOINTMENTS 2016

1. **Rev. Fr. Antony John Puliparambil**
   Priest-in-Residence
   St. George's Church
   Manamthadam, Puthencruz - 682308

2. **Rev. Fr. Sebastian Karukappilly**
   Priest-in-Residence
   St. Francis Xavier's Church, Kaloor, Cochin - 682 017.

3. **Rev. Fr. Jacob Liju Mathirappilly**
   Director, Youth Commission
   Ashirbhavan, Cochin - 682 018.

4. **Rev. Fr. Antony Melvin Kappungal**
   Priest-in-Residence
   Christ the King Church, Eloor North - 683 501

5. **Rev. Fr. Antony Jibin Kaimaleth**
   Asst. Parish Priest
   Church of O.L. Imm. Heart of Mary
   Nettoor, Cochin - 682 040

6. **Rev. Fr. Antony Lijo Odathakal**
   Asst. Parish Priest
   St. George's Church, Perumanoor,
   Cochin - 682 016.

7. **Rev. Fr. Antony Shine Kattuparambil**
   Asst. Parish Priest
   St. Philomena Church & St. Kuriakose Elias Chavara Shrine
   Koonammavu - 683 518

8. **Rev. Fr. Augustine Roshan Kalloor**
Asst. Parish Priest
St. George's Church, Karthedom, Malipuram P.O- 682 511.

9. **Rev. Fr. Binil Sebastian Palliparambil**
Asst. Parish Priest
St. George's Church, Vadel
Nayarambalam P.O.- 682 509

10. **Rev. Fr. Datson D'auravu Maliakal**
Asst. Parish Priest
St. Michael's Church, Chembumukku
Kakkanad, Thrikkakara P.O. Cochin - 682 021.

11. **Rev. Fr. Dominic Kalathiparambil**
Asst. Parish Priest
St. Francis Xavier's Church, Kaloor, Cochin - 682 017

12. **Rev. Fr. Fostin Fernandez Janmaparambil**
Asst. Parish Priest
Holy Family Church, S. Chittoor, Cochin - 682 027.

13. **Rev. Fr. George Jobin Ourev**
Asst. Parish Priest
Holy Family Church, Perumpilly
Narakkal P.O.- 682 505.

14. **Rev. Fr. Jeen Felix Kattassery**
Studies

15. **Rev. Fr. Jenin Antony Marottiparambil**
Asst. Parish Priest,
Little Flower Church, Pottakuzhy., N. Kaloor - 682 017

16. **Rev. Fr. Jenson Livera Ithithara**
Asst. Parish Priest
St. Anne's Church, Thottakattukara, Alwaye - 683 108.

17. **Rev. Fr. Jibin George Mathirappilly**
Asst. Parish Priest
St. Mary Magdalene's Church
Moothedom, Maradu - 682 304

18. **Rev. Fr. Jiju Cleetus Thiyadi**
Asst. Parish Priest, Cruz Milagris Church
Kurisinkal, Ochanthuruth - 682 508.

19. **Rev. Fr. Jolly John Odathackal**
Asst. Parish Priest, St. Francis Xavier's Church
Kaloor, Cochin - 682 017.

20. **Rev. Fr. Jose Dominic Chooreparambil**
Asst Parish Priest
St. Antony's Church, Vaduthala, Cochin - 682 023.

21. **Rev. Fr. Josemon George Pazhanilath**
Asst. Parish Priest, St. Raphael's Church
Thykoodom, Cochin - 682 019.

22. **Rev. Fr. Joseph Antony Palliparambil**
Asst. Parish Priest
Infant Jesus Church, Ernakulam -682 031.

23. **Rev. Fr. Joseph Lixon Aswez**
Studies

24. **Rev. Fr. Leneesh Jose Manakil**
Secretary to the Archbishop
Latin Archbishop's House
Post Box No. 2581, Cochin - 682 031.

25. **Rev. Fr. Manuel Kuthukatt**
Asst. Parish Priest
National Shrine Basilica of Our Lady of Ransom
Vallarpadom, Cochin - 682 504

26. **Rev. Fr. Mathew Jomson Thottunkal**
Asst. Parish Priest
National Shrine Basilica of Our Lady of Ransom
Vallarpadom, Cochin - 682 504

27. **Rev. Fr. Merton D'Silva Malieckal**
Asst. Parish Priest, St. Joseph's Church
Vadakekottavathil, Tripunithura - 682 301.

28. **Rev. Fr. Paul Nidhin Kuttissery**
Asst. Parish Priest
St. Ambrose Church, Edavanakad - 682 502.

29. **Rev. Fr. Prasad Jose Kanapilly**
Asst. Parish Priest
St. John the Baptist Church, Palarivattom
Cochin - 682 025

30. **Rev. Fr. Prince Xavier Kannothuparambil**
Spl. Service, Holy Family Church
Perumpilly, Narakkal P.O.- 682 505.

31. **Rev. Fr. Rajeev Jose Kainikat**
Asst. Parish Priest, St. John the Baptist Church
Palarivattom, Cochin - 682 025

32. **Rev. Fr. Raphael Kalluveettil**
Asst. Parish Priest
St. Francis Assisi Cathedral Ernakulam, Cochin - 682 031

33. **Rev. Fr. Rex Joseph Arakkaparambil**
Asst Parish Priest
St. Jude Thaddeus Church, Ettekar, Edathala - 683 564.

34. **Rev. Fr. Rinoy Joy Kalathiparambil**
Asst. Parish Priest
Sacred Heart of Jesus Church, Kothad - 682 027.

35. **Rev. Fr. Robinson Panackal**
Asst. Parish Priest
Church of Our Lady of Mercy
Ponnarimangalam, Cochin - 682 504.

36. **Rev. Fr. Saju Antony Mundempilly**
Asst. Parish Priest
Our Lady of Immaculate Conception Church
Koratty - 680 309.

37. **Rev. Fr. Sebastian Sony Kalathil**
Asst. Parish Priest
Mount Carmel Church, Chathiath, Cochin - 682 012.

38. **Rev. Fr. Shine Pauly Kalathil**
Asst. Parish Priest, Church of Our Lady of Perpetual Help
Valappu, Ochanthuruth - 682 508.

39. **Rev. Fr. Shinoj Raphael Aranchery**
Asst. Parish Priest
St. Joseph's Church, Thevara, Cochin - 682 013.

40. **Rev. Fr. Sibi Choothamparambil**
Asst. Parish Priest
Mount Carmel Church, Chathiath, Cochin - 682 012.

41. **Rev. Fr. Thomas Shobin Kuttikatt**
Asst. Parish Priest
St. James Church, Cheranellur - 682 034

42. **Rev. Fr. Tijo Thomas Kolothumveettil**
Asst. Priest, St. Jude Thaddeus Church
Kidangoor, Yoodhapuram - 683591

# DISTRICT DIRECTORS 2016 - 2017
## COMMISSION FOR CATECHETICS

**District I**

**Rev. Fr. Antony Lijo Odathakal**
Asst. Parish Priest
St. George's Church
Perumanoor, Cochin - 682 016.

**District II**

**Rev. Fr. Sebastian Sony Kalathil**
Asst. Parish Priest
Mount Carmel Church
Chathiath, Cochin - 682 012.

**District III**

**Rev. Fr. Jenin Antony Marottiparambil**
Asst. Parish Priest
Little Flower Church,
Pottakuzhy., N. Kaloor - 682 017

**District IV**

**Rev. Fr. Antony Jibin Kaimaleth**
Asst. Parish Priest
Church of O.L. Imm. Heart of Mary
Nettoor, Cochin-682 040

**District V**

**Rev. Fr. Francis Naissery**
Parish Priest, St. Pius X Church
Kalamassery - 683 104.

**District VI**

**Rev. Fr. Tijo Thomas Kolothumveettil**
Asst. Priest
St. Jude Thaddeus Church
Kidangoor, Yoodhapuram - 683591

**District VII**

**Rev. Fr. Antony Shine Kattuparambil**
Asst. Parish Priest
St. Philomena Church & St.Kuriakose Elias Chavara Shrine
Koonammavu - 683 518

**District VIII**

**Rev. Fr. Binil Sebastian Palliparambil**
Asst. Parish Priest
St. George's Church
Vadel, Nayarambalam P.O.- 682 509

Ernakulam **Chancellor**
18 May 2016

# CASUS

## JUNE - 2016

Joboy, a catholic man married to Sheila a catholic woman. The man was physically abusive to his wife and children during the time they lived together. The woman approached the ecclesiastical tribunal to be declared her marriage on the ground of defective consent of partial simulation of ***bonum coniugum*** (good of the spouses) from the part of the respondent husband and a declaration of nullity was granted. The ecclesiastical tribunal put a **"prohibition"** on the respondent husband for his future marriage in the Catholic Church because the tribunal believes that his abusive behavior is not under control, even now, and he would have to undergo psychological therapy and evaluations and to be satisfied from the expert's opinion that the man's behavior is under control to be lift the prohibition.

1. **What is a "prohibition" regarding any future marriage?**
2. **How is an intention against the "good of the spouses" manifested?** (cc. 1101, 1055, §1)

The right to marry is a part of natural law. However, it is not a limitless right; it may be restricted. Competent authorities may forbid a particular marriage or impose certain conditions on individuals before a marriage or impose certain conditions on individuals before a marriage is celebrated (Can. 1071, 1684-1685, 223.2). This is called a prohibition (***vetitum***).

**Prohibition is a restriction imposed either by a tribunal or by a local ordinary on a party, limiting or conditioning to some extent that party's right to remarry.**

Most commonly such prohibitions are imposed when there is evidence of psychological factors that would impair a person's ability to exercise due discretion or to assume the essential obligations of marriage (c. 1095). But ***vetita*** also have their place when the nullity of the prior union was rooted in other cusses. For example, a prohibition may be called for in cases of error determining the will or simulation (cc. 1099, 1101) when the evidence has indicated that a person's philosophy of life

or value system is significantly at odds with the Church's teaching on marriage.

The prohibition declares a person may not marry in the Church for a particular reason. It is placed by authorities who minister in the administrative or judicial arenas of the Church. The judicial prohibition is imposed by an ecclesiastical judge or college of judges at the end of a matrimonial nullity trial. It will be lifted once certain conditions have been met by the party upon whom it has been placed. If a person marries under a prohibition, the marriage would be illicit (illegal according to law), though nonetheless valid.

The placement of a judicial prohibition is left to the discretion of the judges. He or she evaluates the intentions and actions of the parties during the time that they lived together. As indicated in the above example, if issues of emotional, physical or sexual abuse were present, these actions would warrant a prohibition.

In addition, beliefs that are in opposition to the Church's teachings on marriage may also warrant a prohibition. For instance, if a woman's consent was defective due to an intention against fidelity, and her adulterous behavior was substantiated during the tribunal investigation, the judge may prohibit her from a future marriage. The condition for the removal of the prohibition would be that she intend any future marriage to be monogamous. If she refused to change her mindset, the prohibition would not be lifted.

Again, prohibition exists to protect the good of the individual, future spouse and possible children, as well as the sanctity of marriage. It is the Church's attempt to balance the private and public dimensions of marriage-the individual's natural-law right to marry and the broader reality of marriage that supports the total welfare of the family and community at large.

**Canons for study**

**(cc. 1071, 1684-1685, 223-§2, 1099, 1101, 1055-§1, 1101)**

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21